DECEMBER 26 2012

# THE KCS NEWS

www.kcschicago.com

KNANAYA CATHOLIC SOCIETY OF CHICAGO

VOL 1 ISSUE 23

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **Cyriac Koovakattil**
Secretary: **Simon Abraham Muttathil**
News Editor : **Jaimon Nanthikattu**


# ക്രിസ്മസ് ന്യൂഇയർ ആഘോഷവും പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും

കെസിഎസിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളുടെ സത്യപ്രതിജ്ഞ ഡിസംബർ 31-ാംതീയതി വൈകിട്ട് 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ വച്ചു നടക്കുന്ന പൊതുയോഗത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. തുടർന്ന് പുതുവർഷത്തെ സ്വീകരിക്കുവാനുള്ള വിവിധ ആഘോഷപരിപാടികളും നടത്തപ്പെടുന്നു. കെസിഎസിന്റെ പുതിയ ഭാരവാഹികളെ അനുമോദിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നതിനും അതുപോലെതന്നെ കെസിഎസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്രിസ്മസ് പുതുവത്സര ആഘോഷങ്ങളിൽ പങ്കെടുക്കുവാനും മുഴുവൻ ക്നാനായ മക്കളെയും കമ്മ്യൂണിറ്റി സെന്ററിലേക്ക് (ഡിസംബർ 31-ാം തീയതി വൈകിട്ട് 10 മണിക്ക്) സ്വാഗതം ചെയ്യുന്നു.

# ക്നാനായത്വം – നമ്മുടെ അവകാശം

പ്രിയ ക്നാനായ സമുദായാംഗങ്ങളെ,

നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന ക്നാനായ സമുദായത്തിന്റെ പാരമ്പര്യവും വിശ്വാസങ്ങളും അനന്യതയും നശിച്ചുപോകാതെ കാത്തുസൂക്ഷിക്കുവാൻ ക്നാനായക്കാരായ ഏവർക്കും ഉത്തരവാദിത്തവും ചുമതലയും ഉണ്ട്. ജന്മം കൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം കാത്തുസൂക്ഷിച്ച് നൂറ്റാണ്ടുകളായി കാത്തുപരിപാലിച്ചുപോന്ന നമ്മുടെ അനന്യതയും പാരമ്പര്യങ്ങളും പൈതൃകവും തലമുറ തലമുറ കൈമാറി, കെടാതെ, അണയാതെ, നശിക്കാതെ ഇതുവരെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിച്ചു. എഡി 345 ൽ കൊടുങ്ങല്ലൂരിലേക്ക് കുടിയേറിയ ക്നാനായ ജനത വളരെയധികം ത്യാഗങ്ങളിലൂടെയും ചെറുത്തുനിൽപ്പുകളിലൂടെയുമാണ് ക്നാനായ സമുദായത്തെ നിലനിർത്തിയത്.

ക്നാനായ സമുദായത്തിന്റെ അനന്യതയും പൈതൃകവും നശിപ്പിക്കുവാനോ, അല്ലെങ്കിൽ അതിൽ മാറ്റങ്ങൾ വരുത്തുവാനോ ഉള്ള ശ്രമങ്ങൾ എഡി 345മുതൽ തന്നെ വിവിധ സ്ഥലങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ഇക്കാലമത്രയും ഇതിനൊന്നും വഴങ്ങാതെ നമ്മുടെ പാരമ്പര്യ

(ശേഷം പേജ് 3 ൽ)

**ഏവർക്കും ചിക്കാഗോ കെ.സി.എസിന്റെ ക്രിസ്തുമസ്-പുതുവത്സരാശംസകൾ**

**EXECUTIVE BOARD:**
President
**CYRIAC KOOVAKATTIL**
630 673 3382
Vice President
**BINU POOTHURAYIL**
847 644 9869
Secretary
**SIMON MUTTATHIL**
847 910 4531
Joint Secretary
**MATHIAS PULLAPPALLIL**
847 644 6305
Treasurer
**JOMON THODUKAYIL**
312 719 3517

**LEGISLATIVE BOARD**
**Thankachan Vettikkattil** (Chairman)
**Jose Oliyanickal** (V. Chairman)

**FINANCE COMMITTEE**
Shibu Mulayanikkunnel (Chairman)
Tomy Nediyakalayil (V. Chairman)
Santhosh Kalarikkapparambil
James Mannakulam
Joby Kuzhiamparambil
Arun Nellamattom

**OUT DOOR COMMITTEE**
Zacharia Chelackal (Chairman)
Johnson Koovakkada (V. Chairman)
Sijo Kulathil Karottu
John Karamyalil
Sudeep Makkil

**ENTERTAINMENT COMMITTEE**
Babu Thaipparambil (Chairman)
Gigi Kunnathukizhakkethil
Thomas Appozhiparambil

**LITURGY COMMITTEE**
George Chakkalathottiyil (Chairman)
Philip Panayapparambil

**MEMBERSHIP COMMITTEE**
Simon Kattappuram (Chairman)
Ebi Thekkemyalil (V. Chairman)

**NEWSLETTER COMMITTEE**
Jaimon Nanthikattu (News Editor)
Deepu Kandarappally (Sub Editor)
Sunny Mundaplakkil
Sajan Mudiyoorkkunnel

**LAISON BOARD**
Saji Erappuram (Chairman)
Saji Thekkumkattil (V. Chairman)
Binu Kaithakkathottiyil
Tomy Vallipparambil
Lukose Poozhikkunnel

**BUILDING BOARD**
Joy Choottuvelil
Raju Nediyakalayil

**NATIONAL COUNCIL MEMBERS:**
Nimi Thuruthuvelil
Shiju Cheriyathil
Raju Inchanattu
Chinnu Thottom
Shaji Palliveettil
Tinu Paranjattu
Vipin Chalumkal

**AUDITOR**
Jose Thattarettu

# PRESIDENTIAL DESK

## നന്ദി.. നന്ദി.... നന്ദി...

പ്രിയ ക്നാനായ സഹോദരീ സഹോദരന്മാരെ,

ചിക്കാഗോയിലെ ക്നാനായ സമൂഹം രക്തവും ജീവനും നൽകി സ്നേഹിക്കുന്ന കെ.സി.എസിന്റെ ഭരണസാരഥ്യം വഹിക്കുവാൻ നിങ്ങൾ ഞങ്ങൾക്ക് തന്ന അവസരത്തിന് നന്ദി പറയുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലം ചിക്കാഗോയിലെ ക്നാനായ സമുദായാംഗങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായി ചിക്കാഗോ കെ.സി.എസിനെ മാറ്റുവാൻ ഞങ്ങൾക്ക് സാധിച്ചു എന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. വിവിധങ്ങളും വൈവിധ്യവുമാർന്ന പരിപാടികളിലൂടെ എല്ലാ മാസവും കെ.സി. എസ് ചലനാത്മകമായി നിൽക്കുന്നതുകൊണ്ടാണ് ചിക്കാഗോ കെ.സി.എസ്. ഇന്ന് ലോക ക്നാനായ ഭൂപടത്തിൽ ഒന്നാം സ്ഥാനം അലങ്കരിക്കുന്നത്.

കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ കുട്ടികൾക്കും, യുവജനങ്ങൾക്കും സ്ത്രീകൾക്കും മുതിർന്നവർക്കുമായി നിരവധി പരിപാടികൾ നമ്മൾ സംഘടിപ്പിക്കുകയും ഈ പരിപാടികളിൽ വന്ന് പങ്കെടുത്ത് ഇവയെല്ലാം വൻ വിജയമാക്കുകയും ചെയ്ത ചിക്കാഗോയിലെ നല്ലവരായ ക്നാനായ സമുദായാംഗങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി പറയുകയാണ്. ചിക്കാഗോ കെ.സി.എസിന്റെ പ്രസക്തി നിലനിർത്തണമെങ്കിൽ, കെ.സി. എസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളിൽ പങ്കെടുത്ത് അതിനോട് സഹകരിച്ച് അതിനെ വിജയിപ്പിക്കണം.

കഴിഞ്ഞ രണ്ടു വർഷക്കാലം കുട്ടികൾക്കും യുവജനങ്ങൾക്കുമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും അതുവഴി ചിക്കാഗോ കെ.സി. എസിന് നമ്മുടെ കുട്ടികളുടെ മനസ്സിൽ ഒരു സ്ഥാനം ഉണ്ടാക്കുവാൻ സാധിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ പ്രതിഫലനമെന്നോണം ഇന്ന് കെ. സി. എസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾ നമ്മുടെ കുട്ടികളുടെയും, യുവജനങ്ങളുടെയും എണ്ണം ഗണ്യമായി ഉയർന്നിട്ടുണ്ട് അഭിമാനത്തോടെ എനിക്ക് പറയുവാൻ സാധിക്കും.

കഴിഞ്ഞ രണ്ടുവർഷക്കാലം നടത്തിയ നമ്മുടെ അനുദിന പരിപാടികളായ പിക്നിക്, ഒളിമ്പിക്സ്, ക്യാമ്പിംഗ് തുടങ്ങിയവയിലെല്ലാം നമ്മുടെ സമുദായാംഗങ്ങളുടെയെല്ലാം റിക്കാർഡ് പങ്കാളിത്തമാണ് ഉണ്ടായത്. ഓരോ പരിപാടികൾക്കുശേഷം ഇതിൽ പങ്കെടുത്തവർ വളരെ ആത്മസംതൃപ്തിയോടെ മടങ്ങുന്നത് കാണുവാൻ കഴിഞ്ഞുയെന്നതാണ് ഞങ്ങളെ സംബന്ധിച്ച് ഏറ്റവും ഭാഗ്യമായി കാണുന്നത്.

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ ഇന്ന് എല്ലാ പോഷകസംഘടനകളും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുതിയ തലമുറ നമ്മുടെ സംഘടനകളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ തുടങ്ങിയിരിക്കുന്നുയെന്നതിന്റെ ഉദാഹരണമാണ് കെ.സി. വൈ. എൽ. ന്റെ നേതൃത്വത്തിലേയ്ക്ക് വരുവാൻ നമ്മുടെ യുവജനങ്ങൾ കാണിച്ച ഉത്സാഹം. അതുപോലെ തന്നെ കഴിഞ്ഞ 2 വർഷക്കാലം കിഡ്സ് ക്ലബ്, കെ.സി.ജെ.എൽ. എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധ പരിപാടികൾ മുഴുവൻ സമുദായാംഗങ്ങളുടെയും ശ്രദ്ധ പിടിച്ചു പറ്റിയതാണ്.

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യു.എസ്.ടി. ട്രെയിനിംഗ് ക്ലാസ്, കെ.സി.എസ്. ബുൾസ് ട്രിപ്പ്, ബഹാമാസിലേയ്ക്ക് നടത്തിയ ക്രൂസ്, കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗ്രാജുവേഷൻ പാർട്ടികൾ, യൂത്ത് നൈറ്റ്, ഉത്സവ് -2012 തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ നമ്മുടെ സംഘടനയെ പ്രവർത്തനനിരതമാക്കി, കെ.സി.എസിനെ ചിക്കാഗോ ക്നാനായ സമുദായാംഗങ്ങളുടെ നിത്യജീവി

(ശേഷം പേജ് 3 ൽ)

# ക്നാനായത്വം – നമ്മുടെ അവകാശം

(ഒന്നാം പേജിൽനിന്നും തുടർച്ച)

ങ്ങളിലും പൈതൃകത്തിൽനിന്നും വ്യതിചലിക്കുവാൻ മുതിരാതിരുന്നതു കൊണ്ടാണ് നമ്മുടെ സമുദായം ഇന്നും നിലനിലക്കുന്നത്.

എഡി 345ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ സമുദായത്തിന് 1911 ലാണ് ക്നാനായ വികാരിയത്ത് ലഭിക്കുന്നത്. തുടർന്ന് 1923 ലാണ് നമുക്ക് കോട്ടയം രൂപത ലഭിക്കുന്നത്. തുടർന്ന് 2005 ലാണ് കോട്ടയം അതിരൂപതയുണ്ടായത്.

നമ്മുടെ പാരമ്പര്യങ്ങളിലും പൈതൃകത്തിലും വിട്ടുവീഴ്ച ചെയ്യുവാൻ നമ്മുടെ കാരണവന്മാരും നമ്മുടെ പൂർവ്വപിതാക്കന്മാരും ആദ്ധ്യാത്മിക അത്മായ നേതൃത്വവും തയ്യാറായിരുന്നെങ്കിൽ നമുക്ക് ഇതിന് മുൻപേ ചില പ്പോൾ ഇവയെല്ലാം നേടുവാൻ സാധ്യമായേനേ. പക്ഷേ നമ്മുടെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ചതിനാലാണ് ഇന്ന് നമുക്ക് നമ്മുടേതായ ഒരു അസ്തിത്വമുള്ളത്. ക്നാനായ സമുദായമായി നിലകൊണ്ടതിനാലാണ് ഇന്ന് നമുക്ക് സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായ ഉയർച്ച ഉണ്ടായത്. മറിച്ച് നമ്മുടെ കാരണവന്മാരും ആദ്ധ്യാത്മിക അല്മായ നേതൃത്വവും നമ്മുടെ പൈതൃകത്തിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും വ്യതിചലിച്ചിരുന്നുവെങ്കിൽ അവർക്ക് ഉന്നതസ്ഥാനങ്ങളോ പദവികളോ ലഭിക്കുമായിരുന്നു. പക്ഷേ സമുദായം ക്ഷയിച്ച് ഇന്ന് ഇല്ലാതായിത്തീരുമായിരുന്നു.

താൽക്കാലിക ലാഭങ്ങൾക്കോ കാര്യപ്രാപ്തിക്കോ ആയി നമ്മുടെ അടിസ്ഥാന പ്രമാണങ്ങളിൽ അയവുവരുത്തിയാൽ അത് ക്രമേണ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമായിത്തീരുകയും നമ്മുടെ സമുദായത്തിന്റെ അസ്തിത്വത്തെതന്നെ നശിപ്പിച്ചുകളയുന്നതിനും കാരണമായിത്തീർന്നേക്കാം.

ക്നാനായത്വം എന്ന് പറയുന്നത് ജന്മംകൊണ്ടും കർമ്മംകൊണ്ടും പാലിച്ചുപോരുന്ന ഒരു തത്വസംഹിതയാണ്. അതിൽ യാതൊരുവിധ ഫോർമുലകളുടെയും ആവശ്യമില്ല. എഡി 345 മുതൽ അനേകം പേരുടെ കഷ്ടപ്പാടുകളുടെയും ത്യാഗങ്ങളുടെയും ജീവത്യാഗത്തിന്റെപോലും ബാക്കിപത്രമാണ് നമ്മുടെ ക്നാനായത്വം.

ഈ ആഴ്ച അങ്ങാടിയത്ത് പിതാവിന്റേതായി വന്ന ഇടയലേഖനം 1986 ലെ റെസ്ക്രിപ്റ്റിന്റെ തുടർച്ചയും, ക്നാനായത്വം അമേരിക്കയിലെ പള്ളികളിൽ നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്നും വ്യക്തമായി നിർദ്ദേശിക്കുന്നു. വടക്കേ അമേരിക്കയിലെ ക്നാനായ സംഘടനകൾ, ക്നാനായ ഇടവകകളിലെ അംഗത്വം ജന്മംകൊണ്ടും കർമ്മംകൊണ്ടും ക്നാനായത്വം പാലിക്കുന്നവർക്ക് മാത്രമായിരിക്കണമെന്നും കോട്ടയത്തെപ്പോലെതന്നെയുള്ള സഭാസംവിധാനം വടക്കേ അമേരിക്കയിലും സ്ഥാപിതമാക്കണമെന്നുമാണ് നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും വ്യതിചലിച്ചുള്ള ഒരു സഭാസംവിധാനത്തേയും ചിക്കാഗോ കെ.സി.എസിന് അംഗീകരിക്കുവാൻ സാധിക്കുകയില്ല. അങ്ങാടിയത്ത് പിതാവിന്റെ ഇടയലേഖനത്തിലൂടെ വടക്കേ അമേരിക്കയിലെ ക്നാനായ ചർച്ചുകളിൽ ക്നാനായത്വം പാലിക്കപ്പെടുന്നില്ല എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ ഈ ഇടയലേഖനത്തെ ചിക്കാഗോ കെ.സി.എസ്. അംഗീകരിക്കുന്നില്ല. ക്നാനായക്കാർക്ക് അനുകൂലമായ നടപടിയുണ്ടാകുവാനായി നമുക്കേവർക്കും ഒറ്റക്കെട്ടായി തുടർന്നും പരിശ്രമിക്കാം. അതിനായുള്ള പ്രവർത്തനങ്ങളിൽ മറ്റ് ക്നാനായ സംഘടനകളോടും പ്രസ്ഥാനങ്ങളോടും അണിചേർന്ന് നമുക്ക് പ്രയത്നിക്കാം.

എന്ന്
കെസിഎസ് എക്സിക്യൂട്ടീവ്
സിറിയക് കൂവക്കാട്ടിൽ, ബിനു പൂത്തുറയിൽ, സൈമൺ മുട്ടത്തിൽ,
മത്യാസ് പുല്ലാപ്പള്ളിൽ, ജോമോൻ തൊടുകയിൽ

(രണ്ടാം പേജിൽനിന്നും തുടർച്ച)

തത്തിന്റെ ഭാഗമാക്കുവാനും അതുവഴി ലോക ക്നാനായ സമൂഹത്തിന്റെ നെറുകയിൽ ചിക്കാഗോ കെ.സി. എസിനെ പ്രതിഷ്ഠിക്കുവാനും സാധിച്ചതിൽ നമുക്കേവർക്കും അഭിമാനിക്കാം. കഴിഞ്ഞ രണ്ടുവർഷക്കാലം കെ.സി. എസിന്റെ വിവിധങ്ങളായ ധനസമാഹരണമാർഗ്ഗങ്ങളിലൂടെ നല്ലൊരു തുക സമാഹരിക്കുവാനും ഇതിൽനിന്ന് 2 ലക്ഷം ഡോളർ കെ.സി.എസിന്റെ ഭാവിപ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുവാനും ഈ ഭരണസമിതിക്ക് സാധിച്ചതിൽ നിങ്ങൾ ഓരോരുത്തരോടും ഞങ്ങൾക്കുള്ള നന്ദി നിസ്സീമമാണ്.

നമ്മുടെ പാരമ്പര്യങ്ങളും പൈതൃകവും അനന്യതയും കാത്തുസൂക്ഷിക്കുവാൻ വടക്കേ അമേരിക്കയിൽ ഇന്ന് സംഘടനകളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ക്നാനായ സംഘടനകൾ നമ്മുടെയും വളർന്നുവരുന്ന തലമുറയുടെയും നിലനില്പിന് അത്യാവശ്യമാണ്. പുതിയ നേതൃത്വത്തോടൊത്ത് പ്രവർത്തിക്കുവാനും അങ്ങനെ നമ്മുടെ കെ.സി. എസിന് പുതിയ ഉയരങ്ങളിലേയ്ക്ക് നയിക്കുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലം നിങ്ങൾ തന്ന സ്നേഹത്തിനും സഹകരണത്തിനും ഒരിക്കൽക്കൂടി നന്ദിപറഞ്ഞുകൊണ്ടും, ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ നേർന്നുകൊണ്ടും നിർത്തുന്നു.

സ്നേഹത്തോടെ നിങ്ങളുടെ പ്രസിഡന്റ്
**സിറിയക് കൂവക്കാട്ടിൽ**

## കെ.സി.എസ്. ആൽബം

ചിക്കാഗോയിലെ മുഴുവൻ കെ.സി.എസ്. കുടുംബാംഗങ്ങളുടെയും ഫാമിലി ഫോട്ടോ പ്രസിദ്ധീകരിക്കുന്ന കെ.സി.എസ്. ആൽബത്തിലേക്ക് ഇനിയും ഫോട്ടോ അയച്ചുതരാത്തവർ എത്രയും വേഗം chicagokcs@gmail.com ലേയ്ക്കോ, അല്ലെങ്കിൽ കെ.സി.എസ്. ഭാരവാഹികളുടെ പക്കലോ എത്രയും വേഗം നൽകേണ്ടതാണ്. ഫോട്ടോ പ്രസിദ്ധീകരിക്കുന്നതിന് യാതൊരുവിധ ഫീസും ഉണ്ടായിരിക്കുന്നതല്ല.

കെ.സി.എസ്.ആൽബത്തിന്റെ സ്പോൺസേഴ്സ് ആകുവാൻ ആഗ്രഹിക്കുന്നവർ കെ.സി. എസ്. എക്സിക്യൂട്ടീവുമായി ബന്ധപ്പെടുക.

## ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി!

ഏറ്റവും ഏറ്റവും സ്നേഹം നിറഞ്ഞ ക്നാനായ മാതാപിതാക്കളെ സഹോദരീ സഹോദരങ്ങളെ,

ക്നാനായ സമുദായത്തിന്റെ ഈറ്റില്ലമായ ചിക്കാഗോയിൽ, നമ്മുടെ അഭിമാനമായ കെ.സി.എസിന്റെ വൈസ് പ്രസിഡന്റായി സമുദായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാൻ കഴിഞ്ഞ 2 വർഷക്കാലം അവസരം തന്ന ചിക്കാഗോയിലെ മുഴുവൻ ക്നാനായ സമുദായാംഗങ്ങൾക്കും നന്ദി പറഞ്ഞുകൊള്ളട്ടെ.

സംഘടനയുടെ പ്രസക്തിയും വിജയവും എന്നു പറയുന്നത് സംഘടനയുടെ പ്രവർത്തനങ്ങൾ വിജയിക്കുമ്പോഴാണ്. കഴിഞ്ഞ 2 വർഷക്കാലം ചിക്കാഗോ കെ.സി.എസി. ന്റെ ആഭിമുഖ്യത്തിൽ സമുദായാംഗങ്ങളുടെ അഭിരുചിക്കനുസരിച്ച് വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഞങ്ങളുടെ എക്സിക്യൂട്ടീവിന് സാധിച്ചു എന്നതിൽ എനിക്ക് അഭിമാനമുണ്ട്. എന്നാൽ ഈ പരിപാടികളെല്ലാം വൻ വിജയമാക്കി തീർത്തത്, സമുദായത്തോട് സ്നേഹമുള്ള നിങ്ങളോരോരുത്തരും ഈ പരിപാടികളിൽ വന്ന് പങ്കെടുത്തപ്പോഴാണ്. അങ്ങനെ കഴിഞ്ഞ 2 വർഷക്കാലം കെ.സി. എസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എല്ലാ പരിപാടികളും വൻവിജയമാക്കി തീർത്ത നിങ്ങളോരോരുത്തരോടും പ്രത്യേകം പ്രത്യേകം നന്ദി പറയുന്നു. ക്നാനായ സമുദായാഗം എന്ന നിലയിൽ അഭിമാനിക്കുന്ന നാമേവരുടെയും അവിഭാജ്യ ഘടകമാണ് ചിക്കാഗോ കെ.സി.എസ്. അതിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യേണ്ടത് ക്നാനായ ക്കാരായ നാമേവരുടെയും കടമയാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടുതന്നെ നമ്മുടെ പരിപാടികൾ ഭാവിയിലും വൻ വിജയമാക്കിത്തീർക്കുവാൻ നാമേവരും പരിശ്രമിക്കേണ്ടതാണ്.

ചിക്കാഗോയിലെ മുഴുവൻ ക്നാനായ സമുദായാംഗങ്ങളെയും ഒന്നിപ്പിച്ച് നമ്മുടെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞ 2 വർഷക്കാലം ആത്മാർത്ഥമായി ശ്രമിക്കുകയുണ്ടായി. ഈ കാലയളവിൽ നിങ്ങളോരോരുത്തരും തന്ന സ്നേഹത്തിനും സഹകരണത്തിനും ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തിലും ക്രിയാത്മകമായ സ്നേഹനിർദ്ദേശങ്ങൾക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. നമ്മുടെ പാരമ്പര്യങ്ങളിലധിഷ്ടിതമായ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് മുൻപോട്ട് ശക്തമായി സംഘടനകൾ മുന്നേറേണ്ടത് സമുദായത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ആവശ്യമാണ്. കഴിഞ്ഞ 2 വർഷക്കാലം കെ.സി. എസ് ന്റെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്ന മുഴുവൻ പോഷകസംഘടനാ ഭാരവാഹികൾക്കും അതുപോലെ തന്നേ മുഴുവൻ സമുദായാംഗങ്ങൾക്കും ഒരിക്കൽകൂടി നന്ദി പറയുകയും പുതിയ ഭരണസമിതിയ്ക്ക് എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തുന്നു.

സ്നേഹത്തോടെ

നിങ്ങളുടെ വൈസ് പ്രസിഡന്റ്

**ബിനു പൂത്തുറയിൽ**

## നന്ദിയോടെ....

ഏറ്റവും സ്നേഹം നിറഞ്ഞ മാതാപിതാക്കളെ സഹോദരി സഹോദരങ്ങളെ,

കഴിഞ്ഞ രണ്ടുവർഷക്കാലം ലോകത്തിലെ ഏറ്റവും വലിയ ക്നാനായ സംഘടനയായ ചിക്കാഗോ കെ.സി.എസിന്റെ സെക്രട്ടറിയായി സേവനം ചെയ്യുവാനുള്ള അവസരം തന്ന നിങ്ങൾക്കോരോരുത്തർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

കഴിഞ്ഞ 2 വർഷക്കാലത്തിനുള്ളിൽ കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികൾ സമുദായാംഗങ്ങളിൽ എത്തിയ്ക്കുവാൻ എന്റെ കഴിവിന്റെ പരമാവധി ഞാൻ ശ്രമിച്ചിട്ടുണ്ട്.ഈ നാളുകളിൽ 23 ന്യൂസ് ലെറ്ററുകളിലൂടെയും മറ്റു മീഡിയാകളിലൂടെയും എല്ലാം കെ.സി.എസിന്റെ വിവരങ്ങൾ സമുദായാംഗങ്ങളിൽ എത്തിക്കാൻ ഞാൻ പരമാവധി ശ്രമിക്കുകയുണ്ടായി. ഇതിനിടയിൽ പല പാളിച്ചകളും, അതുപോലെതന്നെ പല കാര്യങ്ങളും അറിയാതെതന്നെ വിട്ടുപോയിട്ടുണ്ട്. ഇതൊന്നും മനഃപൂർവ്വമല്ല മറിച്ച് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമോ, അല്ലെങ്കിൽ സമൂഹത്തിന്റെ നന്മയ്ക്ക് നല്ലത് എന്ന് കരുതിയോ ആണ്. കഴിഞ്ഞ 2 വർഷക്കാലത്തിൽ ഒരു സെക്രട്ടറി എന്ന നിലയിൽ നിങ്ങളുടെ പ്രതിക്ഷയ്ക്കൊത്ത് പ്രവർത്തിയ്ക്കുവാനും സമുദായത്തിന്റെ നന്മയ്ക്കായി പ്രവർത്തിയ്ക്കുവാനും ആത്മാർത്ഥമായി ശ്രമിച്ചു എന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ നാളുകളിൽ നിങ്ങളോരോരുത്തരും തന്ന അകമഴിഞ്ഞ സ്നേഹത്തിനും, നിർദ്ദേശങ്ങൾക്കും അതുപോലെതന്നെ ക്രിയാത്മകമായ വിമർശനങ്ങൾക്കും ഞാൻ നന്ദി പറയുന്നു. ഇതിനിടയിൽ എന്റെ ഭാഗത്തു നിന്ന് അറിഞ്ഞോ അറിയാതെയോ ഉള്ള പ്രവർത്തനങ്ങൾകൊണ്ട് ആർക്കെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആത്മാർത്ഥമായ ഖേദം പ്രകടിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

കഴിഞ്ഞ 2 വർഷക്കാലം എന്നെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ അനേകം സന്ദർഭങ്ങളിലൂടെ കടന്നുപോകുകയുണ്ടായി. ഈ കാലയളവിൽ അനേകം വ്യക്തികളെയും, കുടുംബങ്ങളെയും പരിചയപ്പെടുവാനും സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുവാനും സാധിച്ചു എന്നുള്ളത് ഒരു നേട്ടമായി കാണുന്നു, ഈ അനുഭവങ്ങളും ബന്ധങ്ങളും എന്റെ ജീവിത പാതയിൽ ഒരു താങ്ങായിരി തീരും എന്ന് ഞാൻ വിശ്വസിക്കുന്നു.

ഒരിക്കൽകൂടി എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊള്ളുന്നു നിർത്തട്ടെ.

സ്നേഹത്തോടെ

**സൈമൺ മുട്ടത്തിൽ**

സെക്രട്ടറി

## അഭിമാനത്തോടെ...

ഏറ്റവും പ്രിയ ക്നാനായ മാതാപിതാക്കളെ, സഹോദരങ്ങളെ..

ക്നാനായ സമുദായത്തിന്റെ അഭിമാനമായ കെ. സി. എസിന്റെ ട്രഷറാറായി പ്രവർത്തിയ്ക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ക്നാനായ സമുദായാംഗങ്ങളുടെ അദ്ധ്വാനത്തിന്റെ വിലയായ ചിക്കാഗോ കെ. സി. എസിന്റെ പ്രവർത്തനങ്ങൾ വളരെയധികം സമുദായാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം കൊണ്ടാണ് നടക്കുന്നത്. കഴിഞ്ഞ 2 വർഷക്കാലം വിവിധ പ്രവർത്തനങ്ങളിലൂടെ കെ. സി. എസി ന് ഇന്ന് വളരെ അഭിമാനകരമായ ഒരു ഫണ്ട് ശേഖരിക്കുവാനും ഇതിൽനിന്ന് 2 ലക്ഷം ഡോളർ ഫിക്സഡ് ഡിപ്പോസിറ്റ് ആയി കെ.സി.എസ് ന്റെ ഭാവിപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ സാധിച്ചത് ഞങ്ങളുടെ എക്സിക്യൂട്ടീവിനെ സംബന്ധിച്ചിടത്തോളെ വളരെ അഭിമാനമായാണ് ഞാൻ കാണുന്നത്. നിങ്ങളോരോരുത്തരും തന്ന തുകയ്ക്ക് കൃത്യമായ കണക്കും അതുപോലെതന്നെ ചിലവഴിച്ച തുകയ്ക്കുള്ള കൃത്യമായ കണക്കും പൊതുയോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഇനിയും എന്നും ഇതിനെക്കുറിച്ച് ആർക്ക് സംശയങ്ങളുണ്ടെങ്കിലും അത് ദൂരികരിക്കുവാൻ ഞാൻ സന്നദ്ധനാണ് എന്ന് അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ 2 വർഷക്കാലം വിവിധ ധനസമാഹരണ പരിപാടികൾക്കായി നിങ്ങളോരോരുത്തരേയും സമീപിച്ചപ്പോൾ ഞങ്ങളോടൊത്ത് സഹകരിച്ച നിങ്ങൾക്കേവർക്കും നന്ദി പറയുന്നു. നിങ്ങൾ തന്ന എല്ലാ സഹകരണങ്ങൾക്കും സ്നേഹത്തിനും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ടും ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തട്ടെ.

സ്നേഹത്തോടെ
**ജോമോൻ തൊടുകയിൽ**
ട്രഷറർ

## സസ്നേഹം...

കഴിഞ്ഞ രണ്ടുവർഷക്കാലം കെ. സി.എസിന്റെ എക്സിക്യൂട്ടിവിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ നിങ്ങൾ തന്ന അവസരത്തിന് നന്ദി പറഞ്ഞുകൊള്ളട്ടെ. ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ നമ്മുടെ അഭിമാനമായ കമ്മ്യൂണിറ്റി സെന്ററിന്റെയും ഹോഫ്മാൻ എസ്റ്റേറ്റിലെ പ്രോപ്പർട്ടിയുടെയും അനുദിന കാര്യങ്ങൾ നോക്കിനടത്തുക എന്നുള്ളതായിരുന്നു എന്റെ ഉത്തരവാദിത്വം. അത് എന്നാൽ കഴിയാവുന്നവിധം ചെയ്യുവാൻ സാധിച്ചു എന്നുള്ളതാണ് എന്റെ വിശ്വാസം. കഴിഞ്ഞ രണ്ടുവർഷക്കാലം നമ്മുടെ കമ്മ്യൂണിറ്റി സെന്റർ വാടകയ്ക്ക് എടുത്തും അതുപോലെ തന്നെ കെ.സി.എസിന്റെ എല്ലാ പരിപാടികളിലും വന്ന് പങ്കെടുത്ത് വിജയിപ്പിച്ച നിങ്ങളോരോരുത്തരോടും ആത്മാർത്ഥമായ നന്ദി പറയുന്നു. ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തുന്നു.

ഒത്തിരി സ്നേഹത്തോടെ,
**മത്യാസ് പുല്ലാപ്പള്ളിൽ**
ജോ.സെക്രട്ടറി

ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തിയ സ്പെല്ലിംഗ് ബി മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹയായ സെറീന മഠത്തിപ്പറമ്പിലിന് അനുമോദനങ്ങൾ

# കർഷകശ്രീ അവാർഡ് സമ്മാനിച്ചു

ക്നാനായ സമൂഹത്തിലെ ഏറ്റവും മികച്ച പച്ചക്കറികൃഷിത്തോട്ടം നിർമ്മിക്കുന്ന വ്യക്തിയെ ആദിരിക്കുന്നതിനായി കെ.സി.എസ് ഏർപ്പെടുത്തിയ ക്നാനായ കർഷകശ്രീ അവാർഡിന് ജോസ് വട്ടാടികുന്നേൽ & ഫാമിലി അർഹരായി. ജേക്കബ് പുല്ലാപ്പള്ളി& ഫാമിലിയാണ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്. മൂന്നാംസ്ഥാനം എബ്രഹാം ഏലൂർ& ഫാമിലി കരസ്ഥമാക്കി. മികവുറ്റ പച്ചക്കറിത്തോട്ടം വളർത്തുന്നതിനുള്ള കർഷകശ്രീ അവാർഡിന് നല്ല പ്രതികരണമാണ് ഈ വർഷം ലഭിച്ചത്. ജോസ് ഞാറവേലിൽ, ബേബി കാരിക്കൽ, മാതാദാസ് ഒറ്റത്തെക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അപേക്ഷ ലഭിച്ച എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും മികവുറ്റ കൃഷിത്തോട്ടം നിർമ്മിച്ചവരെ തിരഞ്ഞെടുക്കുന്നതിന് സഹായിക്കുകയുമുണ്ടായി.

# RIGHT LANE MERGES WITH THE LEFT

**to merge=to lose or cause to lose identity, by being absorbed or combined with (Websters Dictionary)**

എക്സ്പ്രസ് വേയിൽ കൂടി ഡ്രൈവ് ചെയ്യുമ്പോൾ കാണുന്ന ഒരു സാധാരണ സൈൻ ആണിത് "Right lane merges with the left." അധികം ട്രാഫിക് ഇല്ലാത്ത ഒരവസരത്തിൽ ന്യായമായ സ്പീഡിൽ വലത്തേ ലെയിനിൽ കൂടി ഡ്രൈവ് ചെയ്യുമ്പോൾ ഡ്രൈവർ അറിയാതെ തന്നെ നമ്മുടെ വണ്ടി ലെഫ്റ്റ് ലെയിനിൽ ആയി പോകുന്നു. അങ്ങനെ ഡ്രൈവർ (യാത്രക്കാരൻ) സ്മൂത്തായി ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന റൈറ്റ് ലെയിൻ ഇല്ലാതെയായിത്തീരും.

ഇന്നു നമ്മൾ ചിന്തിച്ചാൽ നമ്മുടെ സ്മൂത്തായി പോയിക്കൊണ്ടിരിക്കുന്ന ക്നാനായ കത്തോലിക്കാ സമുദായത്തിനും ഇതുതന്നെയല്ലെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ്ട് പതിനേഴര നൂറ്റാണ്ടുകാലം അതിന്റെ തനിമയിലും ഒരുമയിലും വിശ്വാസനിറവിലും കോട്ടംതട്ടാതെ ക്നാനായ സമുദായം സ്മൂത്തായി മുമ്പോട്ട് പോയിക്കൊണ്ടിരിക്കുകയായിരുന്നു. പുറകോട്ട് ചിന്തിക്കുമ്പോൾ, ഒരു പക്ഷേ ഈ റൈറ്റ് ലെയിൻ ആദ്യകാലങ്ങളിൽ അല്പം പരുപരുത്ത ഭാഗങ്ങൾ ഉണ്ടായിരുന്നിരിക്കാം. അതെല്ലാം പരിഹരിക്കപ്പെട്ട് 1911ൽ കോട്ടയം രൂപത ക്നാനായക്കാർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടപ്പോൾ മുതൽ നമ്മുടെ സമുദായം അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്ന് ഉത്തരവാദപ്പെട്ടവരുടെ തീഷ്ണതക്കുറവുകൊണ്ടും ക്നാനായ കത്തോലിക്കാ സമുദായമാകുന്ന പരിശുദ്ധമായ വീഞ്ഞിൽ വെള്ളം ചേർക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നോർത്ത് അമേരിക്കയിൽ ആരംഭിച്ചിരിക്കുന്ന ഈ പ്രതിഭാസം ഇന്ത്യയിലേക്ക് (പ്രത്യേകിച്ച് കേരളത്തിലേക്ക്) സ്മൂത്തായി നുഴഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്.

സമുദായത്തോട് കൂറും താല്പര്യമുള്ളവർ അതിന്റെ അസ്ഥിത്വത്തിന്റെമേൽ കണ്ഠകോടാലി വയ്ക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. "I am proud to be a Knanaya (Kna)", എന്ന് മക്കളെക്കൊണ്ട് എഴുതിക്കുകയും പ്രസംഗിപ്പിക്കുകയും കലാരൂപത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ എന്തുകൊണ്ടിന്ന് മൗനം ദീക്ഷിക്കുന്നു? "ക്നാനായ സമുദായം എന്നെന്നും നിലനിൽക്കും", "അതിനൊരു കോട്ടവും സംഭവിക്കുകയില്ല,"എന്നൊക്കെ വീമ്പടിച്ച് വെറുതെയിരുന്നതുകൊണ്ട് മാത്രം കാര്യമില്ല, ഉണർന്നു പ്രവർത്തിക്കണം. അല്ലെങ്കിൽ "Right lane will be merged with the left." ഏതാണ്ട് നൂറുവർഷം മുമ്പ് ബൃഹത്തായ 'ടൈറ്റാനിക്' മുങ്ങി നശിക്കപ്പെട്ടുപോലെ, 1700 വർഷം പഴക്കമുള്ള മഹത്തായ ക്നാനായത്വവും എന്നന്നേയ്ക്കുമായി മുങ്ങപ്പെട്ടുപോകും. പഴയരാജകുടുംബത്തിൽപെട്ട രാജാക്കന്മാരുടെ പിൻഗാമികൾ ഇന്നുണ്ട്. രാജഭരണം നശിപ്പിക്കപ്പെട്ട ജനകീയ ഭരണം വന്നിരിക്കുന്ന ഈ കാലത്ത്, ഞാൻ രാജവംശത്തിൽപ്പെട്ടവനാണ്-പെട്ടവളാണ് എന്നൊക്കെ. ഇന്ന് പറഞ്ഞിട്ടെന്തു കാര്യം? അവർ ഇന്നു സാധാരണക്കാർ തന്നെ. ഇതുപോലെ തന്നെയാണ് ഭാവിയിൽ ഞാൻ ക്നാനായക്കാരൻ ആണ് എന്ന് അഭിമാനത്തോടെ പറയുന്നതും. അതിൽ യാതൊരു അർത്ഥവുമില്ല. ക്നാനായ സമുദായത്തിന്റെ സ്വാതന്ത്ര്യംകൊണ്ട് മാത്രമാണ് ഇന്ന് സമുദായാംഗങ്ങൾക്ക് ഇത്രയും അഭിവൃദ്ധിയുണ്ടായത്. കാരണം, നാം മറ്റൊരു ബിഷപ്പിന്റെ (പാലാ അല്ലെങ്കിൽ ചങ്ങനാശേരി) കീഴിലായിരുന്നുവെങ്കിൽ, ബിസിഎം കോളേജ്, ഉഴവൂർ കോളേജ്, കാരിത്താസ് ഹോസ്പിറ്റൽ, ഭൂരിപക്ഷം ഹൈസ്കൂൾസ് മുതലായവ ഒന്നും ഇന്ന് ഉണ്ടാകുമായിരുന്നില്ല. ഈ സ്ഥാപനങ്ങൾവഴി അർഹതപ്പെടാത്ത എത്രയോ ക്നാനായ മക്കൾ ഇന്ന് നല്ല ജീവിതാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. എല്ലാം ദൈവസഹായംകൊണ്ടു മാത്രം. അങ്ങനെ നേട്ടങ്ങൾ മെറ്റീരിയലൈസ് ചെയ്തുകിട്ടിയെങ്കിൽ മാത്രമേ, നാം ക്നാനായക്കാരാണെന്നു പറയുന്നതുകൊണ്ട് അർത്ഥമുള്ളൂ. അല്ലാതെ ''സൂര്യചന്ദ്രന്മാരുള്ളിടത്തോളംകാലം ക്നാനായ സമുദായം ഉണ്ടായിരിക്കും'' എന്ന് വീമ്പിളക്കിയതുകൊണ്ട് മാത്രം കാര്യമില്ല. ഞാൻ രാജകുടുംബത്തിൽപെട്ട ആളാണെന്ന് ഇന്നുള്ള അനന്തരാവകാശികൾ പറയുന്നതുപോലെ മാത്രം. സമുദായത്തിന് സ്വാതന്ത്ര്യം (സ്വയംഭരണാവകാശം) വേണം. എങ്കിൽമാത്രമേ അംഗങ്ങൾക്ക് അഭിവൃദ്ധിയുണ്ടാവുകയുള്ളൂ. ഇത് ഒരു നഗ്നസത്യമാണ്. ഈ സ്വാതന്ത്ര്യലംഘനത്തെ പല്ലും നഖവുമുപയോഗിച്ച് എതിർത്ത് പരാജയപ്പെടുത്തണം. സമുദായ സംരക്ഷണാർത്ഥം നാം ധർമ്മയുദ്ധം ചെയ്യുന്നതിൽ തെറ്റില്ല, അത് പാപവുമല്ല.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യമുണ്ടായിരുന്ന, തോക്കും പീരങ്കിയും ചൂണ്ടി ഭയപ്പെടുത്തിയിരുന്ന ബ്രിട്ടീഷ് ഭരണത്തെ, അർദ്ധനഗ്നനും, നഗ്നപാദനുമായ ഒരു വ്യക്തിക്ക് ചെറുത്തുതോല്പിക്കാമെങ്കിൽ (തന്റെ കൈയിൽ ഒരു വളഞ്ഞ വടി (walking stick)മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നുള്ളതും ഓർക്കണം) എന്തുകൊണ്ട് ഇന്നു നമുക്ക് യോജിച്ചുനിന്നുകൊണ്ട് സമാധാനപരമായ മാർഗ്ഗത്തിലൂടെ (അനുസരണയിലൂടെ) 'മക്കളെ' എന്നുവിളിക്കുന്ന, നമ്മുടെ സഭാപിതാക്കന്മാരുടെ അരികിൽ ചെന്ന് ആവശ്യപ്പെട്ടുകൂടാ. "നമ്മുടെ സമുദായത്തിന് കോട്ടംതട്ടിക്കരുതേ"എന്നു ഈതരുണത്തിൽ, ഏഴുപ്രാവശ്യം തോറ്റിട്ട് എട്ടാം പ്രാവശ്യം വിജയിച്ച ചിലന്തിയെ (സ്പൈഡർമാൻ) മാതൃകയാക്കിയ മഹാനായ ബ്രൂസ് രാജാവിനെ നമുക്ക് അനുകരിക്കാം, നാം വിജയിക്കും. ഇതിനായിട്ട് നമുക്ക് അല്പം ത്യാഗം സഹിക്കാം. ഇപ്പോൾ പല സന്ദർഭങ്ങളിലായി നടത്തുന്ന നമ്മുടെ national and international വിനോദട്രിപ്പുകൾ നമ്മുടെ സമുദായ സംരക്ഷണാർത്ഥം റോമിലേക്കും, കാക്കനാട്ടേയ്ക്കും നയിക്കാം, അതും തീർത്ഥാടനമായിട്ട് കണക്കാക്കാം.

കാര്യകാരണത്തോടെ എഴുതപ്പെട്ടിരിക്കുന്ന ഈ ലഘുലേഖനത്തിന്റെ ആശയങ്ങളോട് വിയോജിക്കുന്ന 'ക്നാനായക്കാർ' അവർ ആരായിരുന്നാലും സ്വസമുദായത്തെ (മാതൃസമുദായത്തെ) സ്നേഹിക്കുന്നില്ല എന്ന് സ്പഷ്ടം. അവർ ക്നാനായക്കാരാണെന്നുപറയുന്നതിൽ അർത്ഥമില്ല. അവർ സ്വാർത്ഥമതികളാണ്. "എനിക്ക് എന്റെ കാര്യങ്ങൾ സാധിച്ചു, ഇനി ക്നാനായത്വത്തിന് (സമുദായത്തിന്) എന്തും സംഭവിച്ചുകൊള്ളട്ടെ" എന്നു ചിന്തിക്കുന്നവർ അവർ ആരായിരുന്നാലും സമുദായ matricides ആകാതിരിക്കട്ടെ.

മഹാത്മാഗാന്ധിയെപ്പോലെ ഡിവോട്ടഡ് ആയിട്ടുള്ളതും സമുദായത്തോട് കൂറും താല്പര്യവുമുള്ളതുമായ ആത്മീയ അത്മായ നേതാക്കളെയാണ് ഇന്ന് ആവശ്യം, സമുദായസംരക്ഷണത്തിന്.

സ്നേഹത്തോടെ

**പ്രൊഫ. പീറ്റർ മാത്യു വെട്ടിക്കാട്ട്**

# കെ.സി.എസ്. വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം

ചിന്നു തോട്ടം

ജോമോൾ ചെറിയത്തിൽ

ജെയിൻ മുണ്ടപ്ലാക്കൽ


ബെറ്റി മുല്ലപ്പള്ളി

അനിത പണയപ്പറമ്പിൽ

പ്രതിഭ തച്ചേട്ട്

ഡെന്നി പുല്ലാപ്പള്ളി

ജെനി എരിക്കാട്ട്

ആൻ കരികുളം

ജിജി നെല്ലാമറ്റം

മായ വഞ്ചിയിൽ

മന്നു തിരുനെല്ലിപറമ്പിൽ

ജ്യോതി ആലപ്പാട്ട്

മോളമ്മ നെടിയകാലായിൽ

ഡെന്നി തുരുത്തുവേലിൽ

രഞ്ജിത കിഴകുന്നടിയിൽ

ലിസി തോട്ടപ്പുറം

ചിക്കാഗോ: കെ.സി.എസ്. ചിക്കാഗോ വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം. ചിന്നു തോട്ടം (പ്രസിഡന്റ്), ജോമോൾ ചെറിയത്തിൽ (വൈസ് പ്രസിഡന്റ്), ജെയിൻ മുണ്ടപ്ലാക്കൽ (സെക്രട്ടറി), ബെറ്റി മുല്ലപ്പള്ളി (ജോയിന്റ് സെക്രട്ടറി) അനിത പണയപ്പറമ്പിൽ (ട്രഷറർ) എന്നിവരാണ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ.

ഏരിയാ കോർഡിനേറ്റേഴ്സായി ജെനി എരിക്കാട്ട്, ആൻ കരികുളം, ജിജി നെല്ലാമറ്റം, പ്രതിഭ തച്ചേട്ട്, ഡെന്നി തുരുത്തുവേലിൽ, മായ വഞ്ചിയിൽ, മന്നു തിരുനെല്ലിപറമ്പിൽ, ഡെന്നി പുല്ലാപ്പള്ളി, രഞ്ജിത കിഴകുന്നടിയിൽ, മോളമ്മ നെടിയകാലായിൽ, ലിസി തോട്ടപ്പുറം, ജ്യോതി ആലപ്പാട്ട് എന്നിവരെയും തെരഞ്ഞെടുക്കപ്പെട്ടു.

മേയമ്മ വെട്ടിക്കാട്ട്

ഗ്രേസി വാച്ചാച്ചിറ

ടിസി ഞാറവേലിൽ

അഡ്വൈസറി ബോർഡ് അംഗങ്ങൾ : മേയമ്മ വെട്ടിക്കാട്ട്, ഗ്രേസി വാച്ചാച്ചിറ, ടിസി ഞാറവേലിൽ.

KCS Chicago Women's forum cordially invite every Chicago knanaya women to our Holiday celebration to be held at Holiday Inn, 200 East Rand Rd., Mount prospect, IL 60056, on Saturday January 12th at 5:30 pm. Food will be catered from Usmania, one of the best restaurants in chicago area and the charge is only $35 dollar per person. Please come with your knanaya lady friends, Sisters, Cousins and Mothers for an evening filled with good food, games and fun. Please RSVP to Chinu Thottam at c2c4ever@aol.com or 630 863 4984, or to any KCS Women's forum board members before Jan 8th, so we can make the necessary arrangements. Hope to see all of you there.

Thanks

**KCS Chicago Women's forum Board**







please put your advertisement here to energize your business and support the community





KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630